(ഇ) 78 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം*2 ആയി ചേർത്തിട്ടുണ്ട്.

(എഫ്) പൂർത്തീകരിച്ച 56 പണികൾക്ക് പണം നൽകിയിട്ടുണ്ട്. പണത്തിന്റെ കുറവുമൂലം പൂർത്തീകരിച്ച ചില ജോലികൾക്ക് ഭാഗികമായേ പണം നൽകുവാൻ സാധിച്ചിട്ടുള്ളു. വിശദാംശങ്ങൾ അനുബന്ധം*3 ആയി ചേർത്തിട്ടുണ്ട്.

(ജി) 22 കോടി രൂപ.

(എച്ച്) കർഷക സമിതികൾ വഴിയാണ് കാഡ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. സ്പൗട്ടുകളുടെ ആയക്കെട്ടിലെ കർഷകരാണ് സമിതിയിലെ അംഗങ്ങൾ. സാധാരണയായി 40 ഹെക്ടറിൽ അധികരിക്കാത്ത ആയക്കെട്ട് പ്രദേശമാണ് ഒരു സമിതിയുടെ പരിധിയിൽ വരുന്നത്. ജനാധിപത്യരീതിയിൽ സമിതി അംഗങ്ങൾ തെരഞ്ഞെടുക്കുന്ന പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ ഏഴ് അംഗങ്ങളാണ് സമിതിയുടെ നടത്തിപ്പിന്റെ ചുമതല വഹിക്കുന്നത്. കർഷക സമിതികൾക്ക് ഏതെങ്കിലും രീതിയിലുള്ള ബുദ്ധിമുട്ടുകൾമൂലം പണികൾ ചെയ്യാൻ സാധിക്കാത്ത അവസ്ഥവരുമ്പോൾ അവർ രേഖാമൂലം ആവശ്യപ്പെട്ടാൽമാത്രം പ്രസ്തുത ജോലികൾ ടെൻഡർ ചെയ്ത് കരാറുകാർ മുഖേന നടത്തുന്നതാണ്.

(ഐ) ഇല്ല.

മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കടൽഭിത്തി നിർമ്മിക്കാനുള്ള പണി

59 (1726) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ 7, 8 എന്നീ വാർഡുകളിൽ കടൽഭിത്തി നിർമ്മിക്കാനുള്ള പണി മൂന്ന് വർഷം കഴിഞ്ഞിട്ടും നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) കടൽഭിത്തി കെട്ടണമെന്ന് ആവശ്യപ്പെട്ട സ്ഥലങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലും മൺസൂൺകാലത്ത് രൂക്ഷമായ കടലാക്രമണം ഉണ്ടാവുകയും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടുകൾക്ക് കേടുപാടുകൾ ഉണ്ടാവുകയും അനവധി തെങ്ങുകൾ നഷ്ടപ്പെട്ട വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതിനുവേണ്ടി മൂന്ന് പ്രാവശ്യം ദർഘാസുകൾ ക്ഷണിച്ചെങ്കിലും കരാർ ഏറ്റെടുക്കാൻ കരാറുകാർ ആരും മുന്നോട്ടുവന്നിട്ടില്ല. കൂടാതെ കടൽ ഭിത്തിയുടെ അറ്റകുറ്റപണികൾ ഏറ്റെടുക്കുന്നതിന് തൽക്കാലം നിയന്ത്രണം നിലവിലുള്ളതിനാൽ തുടർനടപടികൾ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly